# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4119 — 27/06/2012-ൽ മറുപടിക്ക്

## ഭൂരഹിതരായ ആദിവാസി കളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി എത്ര രൂപയാണ് 2011-12 ബജറ്റിൽ നീക്കിവച്ചിരുന്നത്; ഇതിൽ എത്ര രൂപ ചെലവായി; ഈ പദ്ധതി പ്രകാരം 2012 മാർച്ച് 31 വരെ എത്ര ആദിവാസികളെ പുനരധിവസിപ്പിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ | ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 ബജറ്റിൽ 1500 ലക്ഷം രൂപ നീക്കി വച്ചിരുന്നു. ഇതിൽ 1307.83 ലക്ഷം രൂപ ചെലവായി. ബാക്കി വന്ന 192.17 ലക്ഷം രൂപ ആദിവാസി പുനരധിവാസ വികസന മിഷന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 2012 മാർച്ച് 31 വരെ 6777 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| നംമ്പർ | ജില്ല | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 128 |
| 2 | പത്തനംതിട്ട | 28 |
| 3 | കോട്ടയം | 19 |
| 4 | ആലപ്പുഴ | 35 |
| 5 | ഇടുക്കി | 949 |
| 6 | എറണാകുളം | 296 |
| 7 | തൃശ്ശൂർ | 20 |
| 8 | കോഴിക്കോട് | 420 |
| 9 | പാലക്കാട് | 10 |
| 10 | മലപ്പുറം | 61 |
| 11 | കണ്ണൂർ | 3700 |
| 12 | വയനാട് | 997 |
| 13 | കാസർഗോഡ് | 114 |
| | ആകെ | 6777 |

| | | | |
|---|---|---|---|
| ബി | ഈ പദ്ധതി പ്രകാരമുള്ള തുക ലാപ്സാവുകയോ വക മാറ്റി ചെലവാക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകുമോ; | ബി | ഈ പദ്ധതി പ്രകാരമുള്ള തുക ലാപ്സാവുകയോ വക മാറ്റി ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |
| സി | അന്യാധീനപ്പെട്ട ആദിവാസികളുടെ ഭൂമി ഏറ്റെടുക്കാൻ എത്ര രൂപയാണ് 2011-12 ബജറ്റിൽ നീക്കി വച്ചിരുന്നത്; ഇതിൽ എത്ര രൂപാ ചെലവായി; ഈ പദ്ധതി പ്രകാരം 2010 മാർച്ച് 31 വരെ എത്ര ആദിവാസികളുടെ ഭൂമി എറ്റെടുത്ത് നൽകി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | സി | അന്യാധീനപ്പെട്ട ആദിവാസികളുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 100 ലക്ഷം രൂപയാണ് 2011-12 ബജറ്റിൽ നീക്കി വച്ചിരുന്നത്. ഇതിൽ മുഴുവൻ തുകയും ചെലവായി. ഈ പദ്ധതി പ്രകാരം 2010 മാർച്ച് 31 വരെ ആദിവാസികളുടെ ഭൂമിയൊന്നും ഏറ്റെടുത്ത് നൽകിയിട്ടില്ല. |
| ഡി | ഈ പദ്ധതി പ്രകാരമുള്ള തുക ലാപ്സാവുകയോ വക മാറ്റി ചെലവാക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകുമോ? | ഡി | ഈ പദ്ധതി പ്രകാരമുള്ള തുക ലാപ്സായിട്ടില്ല. എന്നാൽ ഇതിൽ നിന്നുള്ള 95 ലക്ഷം രൂപ പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**